# ഭക്ഷ്യസുരക്ഷ ഗുണനിലവാര ഉപദേശക സമിതിയിൽ കൊക്കകോളയും പെപ്സിയും

## പ്രതിഷേധവുമായി പ്ലാച്ചിമട സമര ഐക്യദാർഢ്യ സമിതി

കേന്ദ്ര ഗവൺമെന്റ് രാഷ്ട്രത്തിന്റെ ഭക്ഷ്യസുരക്ഷയും ജനങ്ങളുടെ ആരോഗ്യവും ലാക്കാക്കി നിർമ്മിച്ചിട്ടുള്ള സ്വയം ഭരമ സ്ഥാപനമായ ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ ശാസ്ത്രോപദേശക സമിതിയിൽ ജലചൂഷണവും പരിസ്ഥിതനാശവും വരുത്തുന്ന ബഹുരാഷ്ട്രകുത്തകകളായ കൊക്കക്കോള പെപ്സിക്കോള്ള കമ്പിനികളടക്കം ഏഴ് വൻകിട കുത്തക കമ്പിനികളെ ഉൾപ്പെടുത്തിയതിൽ പ്ലാച്ചിമട സമര ഐക്യദാർഢ്യ സമിതി യോഗം ശക്തമായി പ്രതിഷേധിച്ചു. കൊക്കകോള പെപ്സി കമ്പിനികളുടെ ജലചൂഷണത്തിനെതിരെ രാജ്യമാസകലം ജനകീയ സമരങ്ങൾ നടക്കുമ്പോൾ അവർക്ക് സാമൂഹികമായ അംഗീകാരം നൽകുന്ന ഈ നടപടി നമ്മുടെ ഭക്ഷ്യസുരക്ഷ പദ്ധതിയെ അട്ടിമറിക്കാനുള്ള നീക്കമാണെന്നതിൽ തർക്കമില്ല. ഇത്തരം കമ്പനികളെ ശാസ്ത്രോപദേശകരാക്കിയ അതോറിറ്റിയുടെ നടപടി വഴി മായം, കീടനാശിനി അംശം, ലേബലിംഗ് തുടങ്ങിയ നിർണ്ണായക കാര്യങ്ങളിൽ ഇടപെടാനൻ ഇവർക്ക് അവസരം ലഭിക്കും. കോളകളിലെ കീടനാശിനി-കാഡ്മിയം, ചോക്കളേറ്റുകളിലെ പുഴു തുടങ്ങയ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ഈ കമ്പിനികളെ പ്രസ്തുത സമിതികളിൽ നിന്നും ഒഴിവാക്കി പകരം ജനപക്ഷ ശാസ്ത്രജ്ഞന്മാരെ ഉൾപ്പെടുത്തി സമിതി പുന: സംഘടിപ്പിച്ച് പൊതുജനവിശ്വാസം വീണ്ടെടുക്കണം. പ്ലാച്ചിമടയിലെ നഷ്ടം പഠിക്കാൻ കേരള സർക്കാർ രൂപീകരിച്ചിട്ടുള്ള വിദഗ്ധ സമിതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തണമെന്നും യോഗം ആവശ്യപ്പെട്ടു.

## പരിസ്ഥിതി പ്രാധാന്യം കണക്കിലെടുക്കാതെ

# വ്യാപകമായ മരംമുറി

ഏലൂർ ടി സി സി കമ്പിനിയും കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസസും സംയുക്തമായി നടപ്പിലാക്കുന്ന കൺടെയ്നർ ഫ്രെയിറ്റ് പദ്ധതിക്കായി 504 മരങ്ങൾ പരിസ്ഥിതി പ്രാധാന്യം കണക്കിലെടുക്കാതെ വെട്ടിമാറ്റുന്നു. വ്യവസായശാല ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകളുടെ ഭാഗമായി 50 വർങ്ങൾക്ക് മുമ്പ് ഗ്രീൻബെൽറ്റായി നട്ടുലവളർത്തിയതാണ് ഇടതൂർന്ന് ചെറിയ വനത്തിന് തുല്യമായി നിൽക്കുന്ന ഈ വൃക്ഷങ്ങൾ. മരം മുറിക്കുന്നതിനുള്ള അനുമതിക്കായി ടി സി സിയുടെ അധികൃതർ എറണാകുളം സാമൂഹിക വനവത്കരണ വിഭാഗത്തെ സമീപിക്കുകയും മേൽ നടപടികൾ ആരംഭിക്കുകയും ചെയ്യതു. വ്യവസായവത്കരണത്തിന്റെ ഭാഗമായി അത്യന്തം മലിനീകരിക്കപ്പെട്ട അന്തരീക്ഷവായുവാണ് ഏലൂർ ഗ്രാമ പഞ്ചായത്തിലുള്ളത്. അത്തരമൊരു പ്രദേശത്ത് നിന്നും 500ൽ അധികം മരങ്ങൾ മുറിച്ചുമാറ്റുന്നത് ജനങ്ങളുടെ ആരോഗ്യത്തിനും പരിസ്ഥിതിക്കും വലിയ ഭീഷണിയായിത്തീരും. ആഗോളതാപനം തടയാൻ സംസ്ഥാന സർക്കാർ തന്നെ മരംവച്ചുപിടിപ്പിക്കൽ പദ്ധതികളുമായി മുന്നോട്ട് പോകുന്നതിനിടയിലാണ് നിലവിലുള്ള മരങ്ങൾ വെട്ടിമാറ്റുന്നതിനുള്ള നീക്കങ്ങൾ മറുവശത്ത് നടക്കുന്നത്. വെട്ടിമാറ്റുന്ന മരങ്ങൾക്ക് പകരം 10 മരം വീതം വച്ച് പിടിപ്പിക്കണമെന്ന വനം വകുപ്പിന്റെ നിർദ്ദേശമനുസരിച്ചാൽ തന്നെ 5040 മരങ്ങൾ നട്ടുപിടിപ്പിക്കേണ്ടി വരും. ഇതിന് വേണ്ട സ്ഥലം കണ്ടെത്തി നട്ടുപിടിപ്പിക്കാനുള്ള ചുമതല ഇവിടെ അരാണ് നിർവ്വഹിക്കുന്നത് എന്നതിനിനെക്കുറിച്ചും അവ്യക്തത നിലനിൽക്കുന്നുണ്ട്. വളരെ പ്രാധാന്യമുള്ള ഈ പ്രദേശത്തിനെ ഒഴിവാക്കി പകരം ഇവിടെയുള്ള തരിശ് ഭൂമിവേണം ഇത്തരം വ്യവസായ സംരഭങ്ങൾ തുടങ്ങുന്നതിന് വേണ്ടി ഏറ്റെടുക്കേണ്ടത്. പരിസ്ഥിതി പ്രാധാന്യമുള്ള ഇത്തരം സ്ഥലങ്ങൾ ഏറ്റെടുത്ത് മരങ്ങൾ മുറിച്ചുമാറ്റാനുള്ള നടപടിയിൽ നിന്നും പിൻമാറണമെന്ന് ആവശ്യപ്പെട്ട് പരിസ്ഥിതി പ്രവർത്തകർ ബന്ധപ്പെട്ടവർക്ക് പരാതിനൽകിയിട്ടുണ്ട്.

ബന്ധങ്ങൾക്ക് : 9846441262

## മരം സംരക്ഷിക്കാൻ ട്രീ ആക്ട് ശില്പശാല

പൊതുസ്ഥലങ്ങളിൽ നിൽക്കുന്ന മരങ്ങൾ ഉദ്യോഗസ്ഥരുടെ ഒത്താശയോടെ വെട്ടിമാറ്റുന്നത് തടയാൻ പരിസ്ഥിതി പ്രവർത്തകർ ചേർന്ന് തയ്യാറാക്കിയ കരട് നിയമം ജനകീയവും ജനാധിപത്യപരവുമായ ചർച്ചകലിലൂടെ കരുത്തുറ്റ നിയമമാക്കി മാറ്റി സംസ്ഥാന സർക്കാരിന് കൈമാറുന്നതിനായി ട്രീ ആക്ട് ശില്പശാല ആഗസ്റ്റ് 1 ന് കളമശ്ശേരി രാജഗിരി കോളേജിൽ വച്ച് നടന്നു. സംസ്ഥാന വനം വകുപ്പ് പൊതുജനപങ്കാളിത്തത്തോടെ മരംനടൽ പദ്ധതികൾ നിരവധി തൈകൾ വച്ചെങ്കിലും അവയിൽ ഏറെയും സംരക്ഷിക്കപ്പെടാൻ കഴിഞ്ഞിട്ടില്ല. അനധികൃതമായി മരം മരംമുറിച്ചുമാറ്റിയവർ ഇതേവരെ ശിക്ഷിക്കപ്പെട്ടിട്ടില്ല. പൊതുസ്ഥലങ്ങളിൽ നിൽക്കുന്ന വൃക്ഷങ്ങൾക് സംരക്ഷണം നല്കുന്ന വിധത്തിൽ നിയനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത ഏപ്രിൽ 19 എറണാകുളം മംഗള വനത്തിൽ ചേർന്ന യോഗത്തിൽ പരിസ്ഥിതി പ്രവർത്തകർ വനം മന്ത്രിയേട് സൂചിപ്പിക്കുകയും അദ്ദേഹം അതിനെ സ്വാഗതം ചെയ്യുകയും ചെയ്യ്തിരുന്നു.

ബന്ധങ്ങൾക്ക് :
യേശുദാസ് വരാപ്പുഴ, 9846441262